**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 101** **22-02-2022 - ൽ മറുപടിയ്ക്ക്**

**മുൻ മിസ്സ് കേരള ഉൾപ്പെടെ മൂന്നു പേർ കൊച്ചിയിൽ വാഹനാപകടത്തിൽ മരിച്ചത് സംബന്ധിച്ച് പോലീസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ മിസ്സ് കേരള ഉൾപ്പെടെ മൂന്നു പേർ കൊച്ചിയിൽ വാഹനാപകടത്തിൽ മരിച്ച കേസിൽ അറസ്റ്റിലായ വ്യക്തിയുടെ മയക്കമരുന്ന് മാഫിയയുമായി ഉള്ള ബന്ധം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1962/21 U/s 185(a) MV Act & 279, 304 r/w 109 and 354 (D)(1)(i) 201 IPC കേസിന്റെ അന്വേഷണത്തിൽ ആകെ 8 പ്രതികൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആകെയുള്ള 8 പ്രതികളിൽ രണ്ടാം പ്രതിയായ സൈജു തങ്കച്ചൻ എന്നയാളെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്ത സമയം മയക്കു മരുന്നു ഉപയോഗം സംബന്ധിച്ച് ടിയാൻ നടത്തിയ കുറ്റ സമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ NDPS Act പ്രകാരം 9 കേസുകൾ (കൊച്ചിൻ സിറ്റിയിൽ 8 കേസുകളും, ഇടുക്കി ജില്ലയിൽ 1 കേസും) രജിസ്റ്റർ ചെയ്ത് ടിയാന്റെ മയക്കു മരുന്ന് മാഫിയ ബന്ധം, മയക്കു മരുന്ന് ഉപയോഗം എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. സൈജു തങ്കച്ചൻ ഉൾപ്പെട്ട മയക്കുമരുന്നുമായി ബന്ധപ്പെട്ട 9 കേസുകളിൽ ആകെ 11 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ കേസിൽ മയക്കുമരുന്ന് മാഫിയയുമായി ബന്ധമുള്ള എത്ര പേരെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1962/21 U/s 185(a) MV Act & 279, 304 r/w 109 and 354 (D)(1)(i) 201 IPC കേസിന്റെ അന്വേഷണത്തിൽ ആകെ 8 പ്രതികൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആകെയുള്ള 8 പ്രതികളിൽ രണ്ടാം പ്രതിയായ സൈജു തങ്കച്ചൻ എന്നയാളെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്ത സമയം മയക്കു മരുന്നു ഉപയോഗം സംബന്ധിച്ച് ടിയാൻ നടത്തിയ കുറ്റ സമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ NDPS Act പ്രകാരം 9 കേസുകൾ (കൊച്ചിൻ സിറ്റിയിൽ 8 കേസുകളും, ഇടുക്കി ജില്ലയിൽ 1 കേസും) രജിസ്റ്റർ ചെയ്ത് ടിയാന്റെ മയക്കു മരുന്ന് |

| | | | |
|---|---|---|---|
| | | | മാഫിയ ബന്ധം, മയക്കു മരുന്ന് ഉപയോഗം എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. സൈജു തങ്കച്ചൻ ഉൾപ്പെട്ട മയക്കുമരുന്നുമായി ബന്ധപ്പെട്ട 9 കേസുകളിൽ ആകെ 11 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ